**No. CEE/5354/PGM-2019/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

**ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2019 രണ്ടാം ഘട്ട അലോട്ട്മെന്റിന് മുൻപായി ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്**

2019–ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **22.04.2019–ന്** ആരംഭിച്ചു. **22.04.2019 മുതൽ 26.04.2019 രാവിലെ 9 മണി** വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ, നിലവിലുള്ള ഓപ്ഷനുകളുടെ പുനഃക്രമീകരണം/റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ സമർപ്പണം എന്നിവയ്ക്കുള്ള സൗകര്യം ലഭ്യമാകുന്നതാണ്. രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും വെബ്സൈറ്റിലെ ഹോം പേജിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ യാതൊരു കാരണവശാലും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

ആൾ ഇന്ത്യാ ക്വാട്ടയിൽ ഒഴിവ് വന്ന് സംസ്ഥാന ക്വാട്ടയിലേയ്ക്ക് തിരികെ ലഭിച്ചേക്കാവുന്ന സീറ്റുകളിലേയ്ക്കും, ഒന്നാം ഘട്ട അലോട്ട്മെന്റിനു ശേഷം സംസ്ഥാന ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും, പുതുതായി ഉൾപ്പെടുത്തിയ സീറ്റുകളിലേയ്ക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിശദമായി വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് അപേക്ഷകർ നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്.

**ഹെൽപ്പ്ലൈൻ നമ്പറുകൾ: (0471) 2339101, 2339102, 2339103, 2339104**

Sd/-

തിരുവനന്തപുരം
22.04.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**